## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6324

11.07.2012-ൽ
നൽകേണ്ടിയിരുന്ന മറുപടി

### എൻ.സി.എ., എസ്.ഐ.യു.സി. നാടാർ വിഭാഗത്തിന്റെ പെന്റിംഗ് ടേൺ ഒഴിവുകൾ

| ചോദ്യം<br>ശ്രീ. ആർ. സെൽവരാജ് | മറുപടി<br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| (എ) കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ പാലക്കാട് ജില്ലയിൽ കാറ്റഗറി നമ്പർ 307/07 പ്രകാരം എൽ.പി.എസ്.എ. നിയമനത്തിനായി തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കുമോ; | ആറു പേർക്ക് നിയമന ശുപാർശ നൽകിയിട്ടുണ്ട്. |
| (ബി) പാലക്കാട് ജില്ലയിൽ എൻ.സി.എ., എസ്.ഐ.യു.സി. നാടാർ വിഭാഗത്തിന്റെ പെന്റിംഗ് ടേൺ ഒഴിവുകൾ മറ്റ് ഇതര വിഭാഗത്തിന് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ; | ഉണ്ട്. 13 ടേണുകൾ മറ്റു വിഭാഗക്കാർക്ക് നൽകിയിട്ടുണ്ട്. |
| (സി) ഇപ്രകാരം വന്നിട്ടുള്ള പെന്റിംഗ് എൻ.സി.എ., എസ്.ഐ.യു.സി. നാടാർ ടേൺ (എസ്.ഐ.യു.സി. നാടാർക്ക് ലഭിക്കേണ്ട സംവരണം മറ്റ് വിഭാഗങ്ങൾക്ക് നൽകിയത്) എസ്.ഐ.യു.സി. നാടാർക്ക് തിരികെ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് എത്രയെന്ന് വ്യക്തമാക്കുമോ; | 26.04.2012-ന് നിലവിൽ വന്ന എൽ.പി.എസ്.എ. (മലയാളം) തസ്തികയുടെ റാങ്ക് ലിസ്റ്റിൽ നിന്ന് 2 എസ്.ഐ.യു.സി. നാടാർക്കുള്ള പെൻഡിംഗ് ടേണുകൾ തിരിച്ചു നൽകിയിട്ടുണ്ട്. ബാക്കിയുള്ള ടേണുകൾ ഊഴം വരുന്ന മുറയ്ക്ക് നികത്തുന്നതാണ്. |

| | | |
|---|---|---|
| (ഡി) | പാലക്കാട് ജില്ലയിൽ പെന്റിംഗ് എൻ.സി.എ. ടേൺസ് (മലയാളം മീഡിയം) എൽ.പി.എസ്.എ. ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൽ പറയും പ്രകാരം ഈ വിഷയത്തിൽ പി.എസ്.സി. നിയമന നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ; | 05.07.2011-ന് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽ നിന്നും 6 പേർക്ക് നിയമന ശുപാർശ നൽകിയിട്ടുണ്ട്. |
| (ഇ) | പാലക്കാട് ജില്ലയിൽ എൻ.സി.എ., എസ്.ഐ.യു.സി. നാടാർ പെന്റിംഗ് ടേൺ നികത്തുന്നതിന് കാറ്റഗറി നം. 307/07 പ്രകാരം പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്നും നിയമന നടപടി ഉണ്ടാകുമോ ; | നിയമന ശുപാർശ നടത്തിയിട്ടുണ്ട്. |
| (എഫ്) | ഇതേ കാറ്റഗറി നമ്പർ (307/07) പ്രകാരം കോഴിക്കോട് ജില്ലയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്നും എസ്.ഐ.യു.സി. നാടാർക്ക് ലഭിക്കേണ്ട സംവരണം മറ്റ് വിഭാഗങ്ങൾക്ക് നൽകിയിരുന്നതിന് (എൻ.സി.എ., എസ്.ഐ.യു.സി. നാടാർ പെന്റിംഗ് ടേൺ) എസ്.ഐ.യു.സി. നാടാർ വിഭാഗത്തിന് കോംപൻസേഷൻ നൽകിയിട്ടുണ്ടോ ; | കോഴിക്കോട് ജില്ലയിൽ ടി കാറ്റഗറി നമ്പർ പ്രകാരം 30.05.2011-ൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്നും എസ്.ഐ.യു.സി. നാടാരിന്റെ എൻ.സി.എ. ടേണുകൾ നിയമന ശുപാർശ നടത്തിയിട്ടുണ്ട്. |
| (ജി) | പാലക്കാട് ജില്ലയിൽ എസ്.ഐ.യു.സി. നാടാർ വിഭാഗത്തിന്റെ എൽ.പി.എസ്.എ. പെന്റിംഗ് ടേൺ നികത്തുന്നതിന് സർക്കാർ നിർദ്ദേശം നൽകുക ? | ഈ വിഭാഗത്തിൽ അവശേഷിക്കുന്ന 11 ടേണുകൾ റൊട്ടേഷൻ വ്യവസ്ഥകൾ പ്രകാരമുള്ള ഊഴം എത്തുന്ന മുറയ്ക്ക് നികത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ.